പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 359

12.01.2021 -ൽ മറുപടിക്ക്.

# കോവിഡ് കാലത്തെ സൗജന്യ റേഷൻ വിതരണം

| ചോദ്യം<br>**ശ്രീ. ഷാഫി പറമ്പിൽ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) സംസ്ഥാനത്ത് ലോക്ഡൗൺ കാലം മുതൽ കേന്ദ്രസർക്കാർ നൽകുന്ന സൗജന്യ റേഷൻ ഏതെല്ലാം വിഭാഗം കാർഡ് ഉടമകൾക്കാണ നൽകിയതെന്ന് വിശദമാക്കാമോ; | (എ) കേന്ദ്ര സർക്കാരിന്റെ സൗജന്യ റേഷൻ ഏപ്രിൽ മുതൽ നവംബർ വരെയുള്ള മാസങ്ങളിൽ എ.എ.വൈ, പ്രയോറിറ്റി എന്നീ വിഭാഗങ്ങളിലെ അംഗങ്ങൾക്കാണ് നല്കിയത്. |
| (ബി) ഓരോ വിഭാഗം കാർഡിലും ഓരോ മാസവും എത്ര പേർക്കാണ സൗജന്യ റേഷൻ നൽകിയതെന്ന് വെളിപ്പെടുത്താമോ; | (ബി) അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു. |
| (സി) എത്ര അളവ് റേഷൻ ഓരോ മാസവും ഓരോ വിഭാഗം കാർഡ് ഉടമകൾക്ക് നൽകി; വ്യക്തമാക്കാമോ | (സി) PMGKAY സ്കീമിലെ പ്രതിമാസ വിതരണത്തോത് ഓരോ അംഗങ്ങൾക്കും 5 കിലോഗ്രാം ഭക്ഷ്യധാന്യവും ഓരോ കുടുംബത്തിനും 1 കിലോഗ്രാം പയർവർഗ്ഗവും (കടല അല്ലെങ്കിൽ പയർ) എന്ന ക്രമത്തിലായിരുന്നു. PMGKAY സ്കീമിലെ വിതരണം 2020 ഏപ്രിൽ മുതൽ നവംബർ വരെ ആയിരുന്നുവെങ്കിലും നാഫെഡിൽ നിന്ന് വിവിധ ഘട്ടങ്ങളിലായി പയർ വർഗ്ഗങ്ങൾ ലഭ്യമായതനുസരിച്ചാണ് വിതരണം ക്രമീകരിക്കാൻ സാധിച്ചിട്ടുള്ളത്. ഏതെങ്കിലും മാസങ്ങളിൽ ലഭ്യമാകാത്ത വിഹിതം തൊട്ടടുത്ത മാസങ്ങളിൽ കൂടി നല്കിയിട്ടുണ്ട്. ആയതിനാൽ പയർവർഗ്ഗങ്ങളുടെ വിതരണം ഇതുവരെയും പൂർത്തീകരിച്ചിട്ടില്ല. 2021 ജനുവരി മാസത്തിലും വിതരണം തുടർന്നു വരുന്നു. വിതരണം ചെയ്ത അളവ് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം -2 ആയി ചേർത്തിരിക്കുന്നു. |

| | |
|---|---|
| (ഡി) കേന്ദ്രസർക്കാരിന്റെ കോവിഡ് കാലത്തെ സൗജന്യ റേഷൻ വിതരണത്തിൽ ഏതെങ്കിലും മാസം വിതരണത്തിൽ ഏറ്റക്കുറച്ചിലുകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് കേന്ദ്ര ഭക്ഷ്യമന്ത്രാലയമോ സംസ്ഥാന ഭക്ഷ്യകമ്മീഷനോ റിപ്പോർട്ട് ആവിശ്യപ്പെട്ടിരുന്നോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ഡി) PMGKAY സ്കീമിന്റെ വിതരണത്തിൽ മുൻഗണനാ വിഭാഗത്തിൽപ്പെട്ട 2.74 ലക്ഷം പേർ മെയ് മാസത്തിൽ PMGKAY പ്രകാരമുള്ള കേന്ദ്രറേഷൻ വാങ്ങിയിട്ടില്ലെന്നും ഇതിൽ 2.01 ലക്ഷം പേർ ഏപ്രിൽ മാസത്തിൽ റേഷൻ വാങ്ങിയവരാണെന്നും കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ബയോമെട്രിക് സംവിധാനം ഒഴിവാക്കി വിതരണം നടത്തിയ ഏപ്രിൽ മാസത്തിൽ റേഷൻ സാധനങ്ങൾ വാങ്ങിയവർ ബയോമെട്രിക് സംവിധാനം നിർബന്ധമാക്കിയ മെയ് മാസത്തിൽ റേഷൻ വാങ്ങാതിരുന്നത് ക്രമക്കേട് നടന്നതിന്റെ സൂചനയാണെന്നുമുള്ള പത്രവാർത്തയെ ഉദ്ധരിച്ച് വിതരണം സംബന്ധിച്ച ചില കണക്കുകൾ സംസ്ഥാന ഭക്ഷ്യ കമ്മീഷൻ ആവശ്യപ്പെട്ടിരുന്നു.<br>കോവിഡ് 19 പകർച്ചവ്യാധിക്കെതിരെയുള്ള പ്രതിരോധ നടപടികളുടെ ഭാഗമായി ചില സംസ്ഥാനങ്ങൾ ബയോമെട്രിക് ഓതന്റിക്കേഷൻ മുഖേനയുള്ള വിതരണം നിർത്തിയതായും ചില സംസ്ഥാനങ്ങൾ ഓതന്റിക്കേഷൻ കൂടാതെ ഇ-പോസ് മുഖേന വിതരണം നടത്തുന്നതായും ശ്രദ്ധതിയൽപ്പെട്ടെന്നും എന്നാൽ ഇ-പോസ് മുഖേന ബയോമെട്രിക് ആയോ ഒ.റ്റി.പി മുഖേനയോ ഉള്ള വിതരണമാണ് അഭികാമ്യമെന്ന് നിർദ്ദേശിച്ച കൊണ്ടുള്ള കേന്ദ്ര സർക്കാർ നിർദ്ദേശവും ലഭ്യമായിരുന്നു. |
| (ഇ) കോവിഡ് കാലത്ത് കേന്ദ്രസർക്കാർ സൗജന്യമായി വിതരണം ചെയ്ത റേഷൻ സാധനങ്ങളെക്കുറിച്ച് എന്തെങ്കിലും ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സാധനങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച് പരിശോധനകൾ നടത്തിയിരുന്നോ; ഈ സാധനങ്ങൾ ആരു മുഖാന്തിരമാണ് ലഭ്യമാക്കിയത്; വിശദാംശങ്ങൾ നൽകാമോ? | (ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അരിയും ഗോതമ്പും എഫ്.സി.ഐ യിൽ നിന്നും പയർ വർഗ്ഗങ്ങൾ നാഫെഡ് -ൽ നിന്നുമാണ് സംസ്ഥാനത്തിന് ലഭ്യമായത്. പ്രസ്തുത സ്റ്റോക്ക് വിട്ടെടുത്ത് റേഷൻ കടകളിലെത്തിച്ചത് സപ്ലൈകോയാണ്. എഫ്.സി.ഐ. യിലെയും സപ്ലൈകോയിലെയും ഗുണനിലവാര പരിശോധകരാണ് ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് വരുന്നത്. ടി സ്ഥാപനങ്ങൾക്ക് ഭക്ഷ്യ ധാന്യങ്ങളുടെ ഗുണനിലവാരം ശാസ്ത്രീയമായി പരിശോധിക്കാൻ പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുണ്ട്. ഗുണനിലവാരം പരിശോധിച്ച് ഭക്ഷ്യ യോഗ്യമാണെന്ന് ഉറപ്പ് വരുത്തിയിട്ടുള്ള ഭക്ഷ്യ ധാന്യങ്ങളാണ് വിതരണത്തിന് ലഭ്യമാക്കുന്നത്. ഒരു കാരണവശാലും ഗുണനിലവാരം കുറഞ്ഞതും ഭക്ഷ്യയോഗ്യമല്ലാത്തതുമായ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യരുതെന്ന് കർശന നിർദ്ദേശം നല്കിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

ഓരോ വിഭാഗം കാർഡിലും ഓരോ മാസവും PMGKAY സ്കീമിൽ സൗജന്യ റേഷൻ കൈപ്പറ്റിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| മാസം | എ.എ.വൈ വിഭാഗത്തിൽ സൗജന്യ റേഷൻ ലഭ്യമായ അംഗങ്ങളുടെ എണ്ണം | പ്രയോറിറ്റി വിഭാഗത്തിൽ സൗജന്യ റേഷൻ ലഭ്യമായ അംഗങ്ങളുടെ എണ്ണം |
|---|---|---|
| ഏപ്രിൽ 2020 | 2267385 | 12819405 |
| മെയ് 2020 | 2154323 | 12075051 |
| ജൂൺ 2020 | 2194833 | 12377695 |
| ജൂലൈ 2020 | 2178425 | 12258485 |
| ആഗസ്റ്റ് 2020 | 2273265 | 12807179 |
| സെപ്റ്റംബർ 2020 | 2241102 | 12572387 |
| ഒക്ടോബർ 2020 | 2219658 | 12624569 |
| നവംബർ 2020 | 2151740 | 11895716 |

സെക്ഷൻ ഓഫീസർ

# അനുബന്ധം - 2

ഓരോ വിഭാഗം കാർഡുടമകൾക്കും PMGKAY സ്കീമിൽ നല്കിയ ഭക്ഷ്യധാന്യങ്ങളുടെയും പയർ വർഗ്ഗങ്ങളുടേയും (കടല/പയർ) പ്രതിമാസ അളവ് ചുവടെ ചേർക്കുന്നു.

| മാസം | വിതരണം ചെയ്ത ഭക്ഷ്യധാന്യങ്ങൾ/പയർ വർഗ്ഗങ്ങളുടെ അളവ് (മെട്രിക് ടണ്ണിൽ) | | | | | |
|---|---|---|---|---|---|---|
| | എ.എ.വൈ വിഭാഗം | | | പ്രയോറിറ്റി വിഭാഗം | | |
| | അരി | ഗോതമ്പ് | പയർവർഗ്ഗം (കടല/പയർ) | അരി | ഗോതമ്പ് | പയർവർഗ്ഗം (കടല/പയർ) |
| ഏപ്രിൽ 2020 | 11336.93 | 0 | - | 64097.025 | 0 | |
| മെയ് 2020 | 10771.61 | 0 | 934.7925 | 60375.255 | 0 | 5134.963 |
| ജൂൺ 2020 | 10974.17 | 0 | 769.8615 | 61888.473 | 0 | 3942.576 |
| ജൂലൈ 2020 | 8748.156 | 2143.969 | - | 49204.659 | 12087.765 | - |
| ആഗസ്റ്റ് 2020 | 9118.817 | 2247.506 | 170.532 | 51340.698 | 12695.199 | 1704.391 |
| സെപ്റ്റംബർ 2020 | 8990.367 | 2215.143 | 927.777 | 50486.252 | 12375.684 | 4077.884 |
| ഒക്ടോബർ 2020 | 8915.317 | 2182.971 | 561.744 | 50747.910 | 12374.937 | 3141.396 |
| നവംബർ 2020 | 8769.628 | 1989.070 | 603.899 | 50054.531 | 9424.050 | 3241.598 |
| ഡിസംബർ 2020 | - | - | 443.909 | - | - | 2158.488 |
| ജനുവരി 2021 | - | - | 6.911 | - | - | 41.34 |

സെക്ഷൻ ഓഫീസർ